പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 40** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സരൾ കേരളം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പഴകുളം മധു

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. റോണി. കെ. ബേബി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങളും ബിസിനസ് സംരംഭങ്ങളും ആകർഷിക്കാൻ ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന സരൾ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തേക്ക് പുതിയ നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണം സാധ്യമാക്കുന്നതിനും, നിക്ഷേപ പദ്ധതികൾക്കാവശ്യമായ അനുമതികളും ക്ലിയറൻസുകളും സുതാര്യവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനും വേണ്ടി 2026-27 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'ഇൻവെസ്റ്റ് കേരളം' പദ്ധതിയുടെ ഭാഗമായി, 'ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ' (One-State-One-Approval-One-Document) എന്ന സംവിധാനം നടപ്പിലാക്കുന്നതിനായി 'സരൾ കേരളം' (Simplified & Accelerated Regulatory Approvals and Licensing) എന്ന ഏകീകൃത നിയമാധിഷ്ഠിത അതോറിറ്റി രൂപീകരിക്കുവാൻ 18-09-2026-ലെ G.O.(Ms)No.69/2026/ID ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പദ്ധതി നിയമപരമായി നടപ്പിലാക്കുന്നതിനായി, അതിന്റെ അധികാരങ്ങൾ, ചുമതലകൾ, നടപടിക്രമങ്ങൾ, സ്ഥാപനപരമായ ക്രമീകരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന സമഗ്രമായ പ്രത്യേക നിയമം നിർമ്മിക്കാനും, നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഉത്തരവുകളിലും അനുബന്ധ ഭേദഗതികൾ വരുത്താനും സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഇപ്രകാരം, അനുമതികൾ ലഭിക്കുന്നതിലെ കാലതാമസവും അനിശ്ചിതത്വവും ഒഴിവാക്കി, നിക്ഷേപകർക്ക് സുതാര്യവും സമയബന്ധിതവുമായ ഒരു നിയന്ത്രണ സംവിധാനം ഒരുക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്ക് പുതിയ വാതിൽ തുറക്കാൻ സരൾ കേരളം പദ്ധതി ഉപകരിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നു.

**(ബി)** ഒരു സംസ്ഥാനം, ഒരു അനുമതി, ഒരു രേഖ എന്ന നയത്തിലൂന്നി ആവശ്യമായ ലൈസൻസുകളും അനുമതികളും അതിവേഗം ഏകജാലകത്തിലൂടെ ലഭ്യമാക്കുകയാണോ പദ്ധതിയുടെ ലക്ഷ്യം എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വർഷങ്ങളായി അനുമതി ലഭിക്കാത്ത നിക്ഷേപങ്ങൾക്ക് പദ്ധതി വലിയ ആശ്വാസമാകുമോയെന്നും സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്ക് പുതിയ വാതിൽ തുറക്കാൻ പ്രസ്തുത പദ്ധതി ഉപകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**